**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1539 — 4.12.2015-ൽ മറുപടിയ്ക്ക്

## ലെക്കിടി കുഞ്ചൻ സ്മാരകം

**ചോദ്യം** | **ഉത്തരം**

ശ്രീ എം. ഹംസ

കെ.സി.ജോസഫ്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി

(എ) പാലക്കാട് ജില്ലയിലെ "ലെക്കിടി കുഞ്ചൻ സ്മാരക"ത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലെക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി 60.99.000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് സ്മാരകത്തിന് ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കും തുക വിനിയോഗിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആയതിനായി എത്ര തുക അനുവദിച്ചുവെന്നുള്ള വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി)

| | |
|---|---|
| 2011-12 | 21,24,000/- |
| 2012-13 | 16,75,000/- |
| 2013-14 | 7,00,000/- |
| 2014-15 | 7,00,000/- |
| 2015-16 (30.11.2015 വരെ) | 9,00,000/- |
| ആകെ | 60,99,000/- |

(അറുപതു ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ)

(സി) 1.7.2006 മുതൽ 31.3.2011 വരെ, പ്രസ്തുത സ്മാരകത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ.

(സി) കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണവും വികസനവും കണക്കിലെടുത്ത് തുള്ളൽ കലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായി ഉണ്ടാക്കിയ ധാരണയനുസരിച്ച് 2008-ൽ കലാപീഠം

പ്രവർത്തനം തുടങ്ങി. തുള്ളലിന്റെ അനുബന്ധ വിഷയങ്ങളായ മൃദംഗം, കർണ്ണാടക സംഗീതം, മോഹിനിയാട്ടം എന്നീ കലാവിഷയങ്ങളിൽ ത്രിവത്സര പാർട്ട് ടൈം കോഴ്സുകൾ ആരംഭിച്ചു ആയതിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകി വരുന്നു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന 'ത്രിദളം' ഡി വി ഡി തയ്യാറാക്കി. നാട്യശാല നിർമ്മിക്കുകയും സ്മാരകത്തിന്റെ വെബ്സൈറ്റ് തയ്യാറാക്കുകയും ചെയ്തു. കുഞ്ചൻ അവാർഡ് ജേതാക്കളുടെ ജീവചരിത്രം അടങ്ങിയ നടനകൈരളി പുസ്തകം പ്രസിദ്ധീകരിച്ചു.

(ഡി) 1.7.2006 മുതൽ 31.3.2011 വരെ എത്ര തുക ഇതിനായി അനുവദിച്ചു; വാർഷികാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

(ഡി)

| | |
|---|---|
| 2006-07 | 1,65,000/- |
| 2007-08 | 1,35,000/- |
| 2008-09 | 21,25,000/- |
| 2019-10 | 1,75,000/- |
| 2010-11 | 13,25,000/- |
| ആകെ | 39,25,000/- |

(മുപ്പത്തി ഒൻപതിനായിരത്തി ഇരുപത്തി അയ്യായിരം രൂപ)

സെക്ഷൻ ഓഫീസർ